ഐവർനിലയ്ക്കൽ മുകളിൽ കോളനി.

70. [13] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ പകുതിയിലെ ഐവർനിലയ്ക്കൽ മുകളിൽ കോളനിയിൽ എത്ര വീടുകൾ പണി തീർത്തിട്ടുണ്ട്; എന്നാണ് അതിന്റെ പണി പൂർത്തിയായത്; കോളനിനിർമ്മാണത്തിന് എന്തു തുക ചെലവായി; ഇതുവരെ എത്ര വീടുകളിൽ ആൾ താമസമായി; കോളനി പണി പൂർത്തിയായിട്ട് രണ്ടുമൂന്നു വർഷങ്ങളായിട്ടും താമസക്കാരാരും വരാത്തതിനു കാരണമെന്ത്;

(ബി) പ്രതിമാസം ഏഴര രൂപ വീതം വാടക കൊടുത്തു താമസിക്കാൻ സ്ഥലത്തെ കർഷകത്തൊഴിലാളികൾക്ക് സാമ്പത്തികശേഷിയില്ലാത്തതാണ് താമസക്കാരില്ലാത്തതിനു കാരണമെന്ന് ഗവണ്മെൻറിനറിയാമോ ? വാടക കൂടാതെ സൗജന്യമായി ടി വീടുകൾ ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്ക് താമസിക്കാൻ മയവായി നൽകുമോ ?

ഉത്തരം.

(എ) ഭവനനിർമ്മാണപദ്ധതിപ്രകാരം 20 വീടുകൾ പണിതിട്ടുണ്ട്. 2-5-1955-ൽ. രൂപാ 40,026-3-0. ഇതേവരെ ഒരു വീട്ടിലും ആൾ താമസമായിട്ടില്ല. ആദ്യമായി ഈ ഭവനനിർമ്മാണത്തിനു് അപേക്ഷിച്ചിരുന്ന സഹകരണസംഘത്തിന്റെ ഉത്സാഹക്കുറവുകൊണ്ട് ഇതേവരെ കെട്ടിടങ്ങൾ ഏറ്റു വാങ്ങിയിട്ടില്ല.

(ബി) അറിവില്ല. ഭവനനിർമ്മാണപദ്ധതിപ്രകാരം കെട്ടുന്ന വീടുകൾ സൗജന്യമായി നൽകുവാൻ വ്യവസ്ഥയില്ല.

ചക്കുവള്ളിച്ചിറ പുറമ്പോക്ക്.

71. [14] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുരനാട്-പോരുവഴിപകുതികളിൽപ്പെട്ട കിടക്കുന്ന ചക്കുവള്ളിച്ചിറയുടെ വികസനം രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; അതിനു് എന്തു തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ചിറപുറമ്പോക്ക് എത്ര ഏക്കർ ഉണ്ട്; ചിറവികസനത്തിനു അതിൽ എത്ര ഏക്കർ ആവശ്യമുണ്ട്; ബാക്കി വരുന്ന പുറംപോക്കുഭൂമി പോരുവഴിക്കാരൻ ഒരു റേഷൻ കച്ചവടക്കാരൻ പതിച്ചുചെടുക്കാൻ അപേക്ഷിച്ചിട്ടുണ്ടോ; ചിറപുറമ്പോക്കു മുഴുവനംതന്നെ അയാൾക്കു പതിച്ചുകൊടുക്കാൻ ഉണ്ടായ ഉത്തരവു സ്റ്റോറു ചെയ്യുന്നതല്ലേ; ഇനിയും അതു് അയാൾക്കു പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ചിറയുടെ ആവശ്യം കഴിച്ചുള്ള ചിറപുറമ്പോക്കുഭൂമി ചക്കുവള്ളി ജംഗ്ഷനോടു തൊട്ടടുത്തു കിടക്കുന്നതും, ഇതു ശാസ്താംകോട്ട N. E. S. Block ഏരിയായുടെ മധ്യസ്ഥാനത്താണെന്നുള്ളതും പരി

LIBRARY ARCHIVES Kerala Legislative Assembly

ഗണിച്ച് അവിടെ N. E. S. Block ഹെഡ്കപാർട്ടേഴ്സ് സ്ഥാപിക്കാൻ മയവുണ്ടാകുമോ; ഇല്ലെങ്കിൽ പ്രസ്തുത ഭൂമി പോരുവഴിപഞ്ചായത്തിൽ സർവ്വെ 197/4-ൽ നിന്നും കൊല്ലം D. C. Q-വിന്റെ ഉത്തരവിൻപ്രകാരം ചവറ പോലീസിനാൽ ഴിപ്പിക്കപ്പെട്ട മറവ ഭൂമിയില്ലാത്ത കർഷത്തൊഴിലാളികൾക്കു താമസത്തിനു നൽകുമോ ?

ഉത്തരം.

(എ) ഉണ്ട്. 6,500 രൂപ.

(ബി) 15 ഏക്കർ 99 സെൻറ്. 7½ ഏക്കർ ആവശ്യമുണ്ട്. ഉണ്ട്. അതേ. പതിച്ചുകൊടുക്കുന്നതു് ഗവണ്മെൻറിന്റെ ഇപ്പോഴത്തെ നയമല്ലാത്തതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ആലോചിക്കാം.

സെൻട്രൽ സ്റ്റാമ്പുഡിപ്പോ ഉദ്യോഗസ്ഥന്മാർ.

72. [15] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ സ്റ്റാമ്പുഡിപ്പോവിലെ ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കാമോ ;

(ബി) ഇവരിൽ ഹരിജനസമുദായങ്ങളിൽപെട്ടവർ എത്ര ; ഏതേതു തസ്തികകളിൽ ; അവരുടെ സർവ്വീസെത്ര ?

(സി) കഴിഞ്ഞ ആറു മാസത്തിനുള്ളിൽ ഇവിടെ എത്ര പ്രമോഷനുകൾ നടന്നു ;

(ഡി) ഹരിജനങ്ങളിൽനിന്നു് ആരെയെല്ലാം പ്രമോട്ട ചെയ്തു; ഇല്ലെങ്കിൽ, കാരണമെന്തു് ;

(ഇ) ഹരിജനങ്ങളിൽനിന്നു് ഒരു പ്രമോഷൻ കൊടുക്കാവുന്ന ഒരു വേക്കൻസി, സർവ്വീസ്കമ്മിഷനിലേക്കു് ഫിൽ അപ് ചെയ്യാൻ റിപ്പോർട്ടു ലഭിച്ചിട്ടുണ്ടോ ?

ഉത്തരം.

(എ) ആകെ ഉദ്യോഗസ്ഥന്മാർ 16

ഹിന്ദുക്കൾ (നായർ)	8
വെള്ളാളർ	1
ഈഴവർ	2
പുലയർ	1
മഹമ്മദീയർ	2
സിറിയൻക്രിസ്ത്യാനികൾ	1
എൽ. എം. എസ്സു്. ക്രിസ്ത്യാനികൾ	1
ആകെ	16

(ബി) ഹരിജനങ്ങൾ 1

തസ്തിക പ്യൂൺ

സർവ്വീസ്—7 വർഷം 11 മാസം.

LIBRARY ARCHIVES Kerala Legislative Assembly